بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

ജുമുഅഃ ഖുത്വ്ബ
സംഗ്രഹം
27-03-2026

# തിരുനബിചരിത്രം: തൗഹീദ്

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○
اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറഃ ഫാതിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു) പ്രതി പാദിച്ചു:

നബതിരുമേനി(സ)യുടെ ജീവചരിത്രവുമായി ബന്ധപ്പെട്ട് തൗഹീദ് അഥവാ അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ചുള്ള പരാമർശമായിരുന്നു നടന്നിരുന്നത്. മക്കാവിജയ സമയത്ത് വിഗ്രഹ ങ്ങൾ തകർക്കപ്പെട്ടതിന്റെ വിശദാംശങ്ങൾ കഴിഞ്ഞ ഖുത്ബകളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. നിങ്ങൾആരാധിക്കുന്നവിഗ്രഹങ്ങളുടെഅവസ്ഥ കാണിച്ചുകൊണ്ട് തൗഹീദ് (അല്ലാഹുവിന്റെ ഏകത്വം) പ്രഖ്യാപിക്കുന്നതിനായാണ് നബിത ങ്ങൾ(സ) ഇതെല്ലാം ചെയ്തത്. അങ്ങനെ മക്ക യ്ക്ക് ചുറ്റുമുള്ള മുശ്രിക്കുകളുടെ മനാത്ത്, ഉസ്സ, സുവ്വാ തുടങ്ങിയ വലിയ വിഗ്രഹങ്ങളെല്ലാം തകർക്കപ്പെടുന്നത്നാംകണ്ടു.ഈവിഷയത്തിൽ ത്വാഇഫുകാരുടെ വിഗ്രഹമായ ലാത്തയെ ക്കുറിച്ച് ഒരു നിവേദനം ഇപ്രകാരമുണ്ട്.

ത്വാഇഫുകാർ തങ്ങളുടെ ദേവത എന്ന് വിളിച്ചി രുന്ന ലാത്ത എന്ന വിഗ്രഹത്തെ മൂന്ന് വർഷ ത്തേക്ക് തകർക്കരുത് എന്ന് നബതിരുമേനി(സ) യുടെ സന്നിധിയിൽ അപേക്ഷിച്ചു. എന്നാൽ തൗഹീദിനെ കുറിച്ചുള്ള ആത്മാഭിമാനത്താൽ നബതിരുമേനി(സ) ഇത്തരമൊരു വിട്ടുവീഴ്ച അംഗീകരിച്ചില്ല. എങ്കിൽ ഒരു വർഷത്തേക്കോ ഒരു മാസത്തേക്കോ അത് തകർക്കാതിരിക്കാൻ അനുവാദം നല്കണമെന്ന് അവർ പറഞ്ഞു. എന്നാൽ നബിതങ്ങൾ(സ) അതിനും അനുമതി നല്കിയില്ല.

നബിതങ്ങൾ(സ) മക്കയിലെ മുശ്രിക്കുകളെ നേരിടുകയും കഅ്ബാലയത്തെ വിഗ്രഹങ്ങ ളിൽ നിന്ന് പരിശുദ്ധമാക്കുകയും ചെയ്തതോ ടൊപ്പം ശിർക്കിന്റെ അംശം പോലും ചിന്തയിൽ ഉണ്ടാകാത്ത വിധം തന്റെ അനുചരന്മാർക്ക് പരിശീലനം നല്കി.

ഹദ്റത്ത് ഇബ്നു അബ്ബാസിൽ നിന്ന് നിവേ ദനം, ഹദ്റത്ത് ഉമർ മിമ്പറിൽ വെച്ച് ഇപ്രകാരം പ്രസ്താവിക്കുന്നത് അദ്ദേഹം കേട്ടു: നബിത ങ്ങൾ(സ) ഇപ്രകാരം പ്രസ്താവിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്, നസ്രാണികൾ മയമിന്റെ മകനെ പുകഴ്ത്തുന്നതിൽ അതിരുകടന്നതു പോലെ എന്നെ പുകഴ്ത്തുന്ന കാര്യത്തിൽ നിങ്ങൾ അതിരുകവിയരുത്. ഞാൻ അല്ലാഹു വിന്റെ ഒരു ദാസൻ മാത്രമാണ്. അതിനാൽ അല്ലാഹുവിന്റെ ദാസനെന്നും അവന്റെ റസൂ ലെന്നും നിങ്ങൾ പറയുക.

ഒരിക്കൽ നബിതങ്ങൾ(സ) പ്രസ്താവിച്ചു: ശ്രദ്ധിക്കുക, നിങ്ങളുടെ പിതാമഹന്മാരുടെ പേ രിൽ സത്യം ചെയ്യുന്നതിൽ നിന്ന് അല്ലാഹു നിങ്ങളെ വിലക്കിയിരിക്കുന്നു. ആണയിടണ മെങ്കിൽ അത് അല്ലാഹുവിന്റെ പേരിലാകട്ടെ. അല്ലെങ്കിൽ മൗനം പാലിക്കട്ടെ. അല്ലാഹുവിന്റെ ഏകത്വത്തിന് വിരുദ്ധമായ ചെറിയൊരു കാര്യ

ത്തെപ്പോലും നബിതങ്ങൾ(സ) ഇഷ്ടപ്പെട്ടില്ല. ഒരു സ്വഹാബി നബതിരുമേനി(സ)യോട് ആരാഞ്ഞു: അല്ലാഹുവിന്റെ റസൂലേ, യുദ്ധത്തിൽ ഞാൻ ഒരു കാഫിറുമായി ഏറ്റുമുട്ടുകയും അവൻ വാളുകൊണ്ട് എന്റെ ഒരു കൈ വെട്ടിമാറ്റുകയും ചെയ്തെന്ന് കരുതുക. ശേഷം അവൻ ഒരു മരത്തിന് പിന്നിൽ ഒളിക്കുകയും ഞാൻ അല്ലാഹുവിന് വേണ്ടി മുസ്ലിമായി എന്ന് പറയുകയും ചെയ്താൽ, കലിമ ചൊല്ലിയതിന് ശേഷം എനിക്ക് അവനെ കൊല്ലാമോ? നബിതങ്ങൾ(സ) പ്രസ്താവിച്ചു: താങ്കൾ അവനെ കൊല്ലരുത്. അങ്ങനെ ചെയ്താൽ അവനെ കൊല്ലുന്നതിന് മുമ്പ് താങ്കൾക്കുണ്ടായിരുന്ന പദവിയിൽ അവൻ എത്തും. ആ കലിമ ചൊല്ലുന്നതിന് മുമ്പ് അവനുണ്ടായിരുന്ന പദവിയിൽ താങ്കളും എത്തും.

ആദ്യകാല സഹാബികളിൽ ആരെങ്കിലും അങ്ങനെ ചെയ്തപ്പോഴൊക്കെ നബിങ്ങൾ(സ) നീരസം പ്രകടിപ്പിച്ചിരുന്നു. എന്നാൽ ഇന്നത്തെ പണ്ഡിതന്മാരുടെ അവസ്ഥ നോക്കുക. അഹ്മദികൾ കലിമ ചൊല്ലുന്നവരായിട്ടും പാകിസ്താനിൽ അവരെ അതിക്രൂരമായ പീഡനങ്ങൾക്കിരയാക്കുന്നു. ഇത്തരത്തിൽ അക്രമം പ്രവർത്തിക്കുന്നവരുടെ വിധി നബിതങ്ങൾ(സ) ഈ നിവേദനത്തിലൂടെ പ്രസ്താവിച്ചിട്ടുണ്ട്. എന്തായാലും തീവ്രചിന്താഗതിക്കാരായ മൗലവിമാരുടെ പിന്നാലെ പോകുന്നവർ ഇക്കാര്യം ആലോചിക്കേണ്ടതാണ്.

നബിതങ്ങൾ(സ) ഇപ്രകാരം പ്രസ്താവിച്ചു: നിങ്ങളുടെ കാര്യത്തിൽ ഞാൻ ഏറ്റവും കൂടുതൽ ഭയപ്പെടുന്നത് ചെറിയ ശിർക്കിനെ അഥവാ പ്രകടനാത്മകതയെ കുറിച്ചാണ്. അന്ത്യനാളിൽ ജനങ്ങൾക്ക് അവരുടെ കർമങ്ങൾക്കുള്ള പ്രതിഫലം നല്കപ്പെടുമ്പോൾ അല്ലാഹു അവരോട് ഇപ്രകാരം കല്പിക്കും: ദുനിയാവിൽ വച്ച് നിങ്ങൾ ആരെ കാണിക്കാനാണോ കർമങ്ങൾ ചെയ്തത് അവരുടെ അടുക്കലേക്ക് തന്നെ നിങ്ങൾ പോകുക,അവിടെ നിങ്ങൾക്ക് വല്ല പ്രതിഫലവും ലഭിക്കുമോ എന്ന് നോക്കുക.

അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു, നബിതങ്ങൾ(സ) പ്രസ്താവിച്ചു: അല്ലാഹു ഇപ്രകാരം പ്രസ്താവിക്കുന്നു, ആദമിന്റെ സന്തതി എന്നെ വ്യാജനാക്കി, അത് അവന് ഉചിതമല്ലായിരുന്നു. അവൻ എന്നെ അധിക്ഷേപിച്ചു, അതും അവന് ഉചിതമല്ലായിരുന്നു. അവൻ എന്നെ വ്യാജനാക്കുക എന്നത് അല്ലാഹു എന്നെ ഒരിക്കലും തന്നെ പുനർസൃഷ്ടിക്കുകയില്ല എന്നു പറയലാണ്. അവനെ ആദ്യതവണ സൃഷ്ടിച്ചതുപോലെ തന്നെ വീണ്ടുംസൃഷ്ടിക്കാൻ എനിക്ക് സാധിക്കും എന്നിരിക്കെ ഇത് അല്ലാഹുവിനെ കളവാക്കലാണ്. അവൻ എന്നെ അധിക്ഷേപിക്കുക എന്നത് അല്ലാഹു ഒരു മകനെ സ്വീകരിച്ചിരിക്കുന്നു എന്നു പറയലാണ്. എന്നാൽ ഞാൻ പരാശ്രയമുക്തനാകുന്നു. ഞാൻ ആരെയും ജനിപ്പിച്ചിട്ടില്ല, ആരാലും ജനിക്കപ്പെട്ടിട്ടുമില്ല. എനിക്ക് തുല്യനായി ആരുമില്ല.

സൂറത്തുൽ ഇഖ്ലാസ് ഇക്കാര്യം വ്യക്തമാക്കുന്നു. ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇപ്രകാരം പ്രസ്താവിക്കുന്നു:

അല്ലാഹു പറയുന്നു: അല്ലാഹു സ്വമദ്. എല്ലാവരും ആരെയാണോ ആശ്രയിക്കുന്നത് ആ അസ്തിത്വമാണ് അല്ലാഹു. എന്നാൽ അവൻ ആരെയും ആശ്രയിക്കുന്നില്ല. ആ മഹാത്മാവ് പ്രസ്താവിക്കുന്നു: ഒരു വരി പോലുമില്ലാത്ത ഈ ചെറിയ വചനം എത്രമാത്രം സൂക്ഷ്മവും ഉത്തമവുമായ രീതിയിലാണ് അല്ലാഹുവിന്റെ അസ്തിത്വം എല്ലാത്തരം പങ്കുചേർക്കലുകളിൽ നിന്നും പരിശുദ്ധമാണെന്ന് വിവരിക്കുന്നത് എന്ന് നോക്കുക.

നബിതങ്ങൾ(സ) ഈ സൂറത്തിനെ ഖുർആന്റെ മൂന്നിലൊന്ന് ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ് എഴുതുന്നു: ഈ സൂറത്ത് ഖുർആന്റെ മൂന്നിലൊന്നാണെന്ന് പറയുന്നതിന്റെ വിവക്ഷ ഇത് ഖുർആന്റെ വലിപ്പത്തിന്റെ മൂന്നിലൊന്ന് ഭാഗമാണ് എന്നല്ല. മറിച്ച്, ഇതിലെ പ്രമേയം അത്രമേൽ പ്രാധാന്യമർഹിക്കുന്നു എന്നുമാത്രമാണ്. പരിശുദ്ധ ഖുർആനും ഹദീസുകളും വായിക്കുമ്പോൾ അവസാന കാലഘട്ടത്തിൽ രണ്ട് വലിയ ഫിത്നകൾ(കുഴപ്പങ്ങൾ) ഉണ്ടാകുമെന്ന് മനസ്സിലാക്കാം. ഒന്ന് ദജ്ജാലിന്റെ ഫിത്നയും രണ്ടാമത്തേത് യഅ്ജൂജ് മഅ്ജൂജിന്റെ ഫിത്നയുമാണ്. ഈ രണ്ട് ഫിത്നകളും ഒന്നിനുപുറകെ ഒന്നായി ഇസ്ലാമിനെ നേരിടേണ്ടതുണ്ട്. ഒരു ഫിത്ന ഏകദൈവത്തിന് പകരം ത്രിത്വവിശ്വാസവുമായി (അതായത്

പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം) ബന്ധപ്പെട്ടതാണ്. രണ്ടാമത്തെ ഫിത്ന ദൈവനിഷേധത്തിന്റേതാണ് (നാസ്തികത). അതായത് അവർ ദൈവത്തെ പാടെ നിഷേധിക്കുന്നു.

ഖുർആൻ ഈ രണ്ട് ഫിത്നകളുടെയും വിശ്വാസങ്ങളെ ഖണ്ഡിക്കുകയും ശരിയായ വിശ്വാസങ്ങളെ വിവരിക്കുകയും ചെയ്തിട്ടുണ്ട്. ഖുർആൻ പിതാവായ (ഏകദൈവമായ) അല്ലാഹുവിന്റെ മഹത്വത്താൽ നിറഞ്ഞിരിക്കുന്നു. പരിശുദ്ധാത്മാവായ ദൈവത്തെയും പുത്രനായ ദൈവത്തെയും ഖുർആൻ കഠിനമായി നിഷേധിക്കുന്നു. ചുരുക്കത്തിൽ ഖുർആൻ പിതാവായ ദൈവത്തിന്റെ ഉലൂഹിയ്യത്ത് (ദൈവികതയെ) സ്ഥാപിക്കുന്നു. പിതാവായ ദൈവത്തിന്റെ ഏകത്വത്തെ പിന്തുണയ്ക്കുന്നത് ഖുർആന്റെ മൂന്നിലൊന്ന് ഭാഗമായതിനാൽ സൂറത്തുൽ ഇഖ്‌ലാസും ഖുർആന്റെ മൂന്നിലൊന്നാണ് എന്നത് വ്യക്തമായ കാര്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു: തീർച്ചയായും മനസ്സിലാക്കുക, യഥാർഥ ഏകദൈവവിശ്വാസം പ്രവാചകൻ വഴി മാത്രമേ ലഭിക്കുകയുള്ളൂ. നമ്മുടെ നബി തിരുമേനി(സ) അറേബ്യയിലെ നിരീശ്വരവാദികൾക്കും വ്യാജമതവാദികൾക്കും മുമ്പിൽ ആയിരക്കണക്കിന് വാനലോക ദൃഷ്ടാന്തങ്ങൾ സമർപ്പിച്ചുകൊണ്ട് അവരെ അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവരാക്കി.

യഅ്ജൂജ് മഅ്ജൂജ്, ദജ്ജാൽ എന്നിവരുടെ ഫിത്നകൾ (കുഴപ്പങ്ങൾ) ഒരു വശത്ത് മുസ്ലിംങ്ങൾക്കിടയിലും യഥാർഥ ഏകദൈവവിശ്വാസത്തെക്കുറിച്ചുള്ള തിരിച്ചറിവില്ല. അതിനാൽ ഇത്തരം സാഹചര്യങ്ങളിൽ നബിതിരുമേനി(സ)യുടെ ദാസൻ വാഗ്ദത്ത മസീഹും പ്രതിശ്രുത മഹ്ദിയുമായി വരേണ്ടതുണ്ടായിരുന്നു. അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം അദ്ദേഹം വരുകയും ഏകദൈവവിശ്വാസത്തിന് എതിരെയുള്ള ഓരോ ആക്രമണത്തെയും പ്രതിരോധിക്കുകയും ചെയ്തു. അതിനാൽ നാം യഥാർഥ ഏകദൈവവിശ്വാസികൾ ആകുമ്പോൾ മാത്രമേ യഥാർഥ ബൈഅത്തിന്റെ കടമ നിറവേറ്റാൻ നമുക്ക് സാധിക്കുകയുള്ളൂ.

നബി തിരുമേനി(സ)യിൽ നിന്ന് നിവേദനം, ഹദ്റത്ത് മൂസാ നബി ഇപ്രകാരം അപേക്ഷിച്ചു: അല്ലാഹുവേ, എനിക്ക് നിന്നെ സ്മരിക്കാനും നിന്നോട് പ്രാർഥിക്കാനും സാധിക്കുന്ന എന്തെങ്കിലും ഒന്ന് പഠിപ്പിച്ചു തന്നാലും. അപ്പോൾ അല്ലാഹു അരുളി: ഓ മൂസാ, ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയുക. ഹദ്റത്ത് മൂസാ നബി പറഞ്ഞു: അല്ലാഹുവേ, നിന്റെ എല്ലാ ദാസന്മാരും ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയുന്നുണ്ടല്ലോ. അല്ലാഹു വീണ്ടും അരുളി: നീ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് തന്നെ പറയുക. ഹദ്റത്ത് മൂസാ വീണ്ടും ചോദിച്ചപ്പോൾ അല്ലാഹു അരുളി: ഓ മൂസാ, ഞാൻ ഒഴികെ ഏഴ് ആകാശങ്ങളും അതിൽ വസിക്കുന്നവരും ഏഴ് ഭൂമികളും ഒരു തട്ടിലും, ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വചനം മറ്റൊരു തട്ടിലും വയ്ക്കുകയാണെങ്കിൽ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വചനം ഉള്ള തട്ട് ഭാരത്താൽ താഴ്ന്നിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ് (അ) വിശദീകരിക്കുന്നു: ഹദ്റത്ത് നബി തിരുമേനി(സ)യുടെ അധ്യാപനം ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർ റസൂലുല്ലാഹി എന്നതാണ്. ഇത് പറയുന്നതിലൂടെ പാപങ്ങൾ ദൂരീകരിക്കപ്പെടുന്നു എന്നത് തികച്ചും സത്യമാണ്. അല്ലാഹുവിനെ ഏകനും പങ്കുകാരില്ലാത്തവനുമായി അറിയുകയും വിശ്വസിക്കുകയും ചെയ്യുന്നവൻ, മുഹമ്മദ് മുസ്തഫാ നബി തിരുമേനി(സ)യെ ആ ഏകനായ ദൈവം തന്നെയാണ് അയച്ചതെന്ന് വിശ്വസിക്കുകയും ചെയ്താൽ, തീർച്ചയായും ഈ വചനത്തിലായിട്ടാണ് അവന്റെ അന്ത്യമെങ്കിൽ അവൻ രക്ഷപ്രാപിക്കും.

ഒരിക്കൽ നബിതിരുമേനി(സ) ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനാണെന്നും അവന് പങ്കുകാരില്ലെന്നും മുഹമ്മദ് നബിതിരുമേനി(സ) അവന്റെ ദാസനും ദൂതനുമാണെന്നും ഈസാ അല്ലാഹുവിന്റെ ദാസനും അവന്റെ ദാസിയുടെ പുത്രനുമാണെന്നും മറിയമിലേക്ക് അവനിറക്കിയ അവന്റെ വചനവും അവനിൽ നിന്നുള്ള ആത്മാവുമാണെന്നും സ്വർഗം സത്യമാണെന്നും നരകംസത്യമാണെന്നും ആര് സാക്ഷ്യംവഹിക്കുന്നുവോ അവനെ അല്ലാഹു സ്വർഗത്തിന്റെ എട്ട് കവാടങ്ങളിൽ തനിക്ക് ഇഷ്ടമുള്ളതിലൂടെ

പ്രവേശിപ്പിക്കും.

നബിതിരുമേനി(സ) അല്ലാഹുവിന്റെ ഏകത്വത്തെയും മഹത്വത്തെയും കുറിച്ച് ഉപദേശിക്കാനും അത് ഉമ്മത്തിന്റെ ഹൃദയങ്ങളിൽ ഉറപ്പിക്കാനുമുള്ള ഒരു അവസരവും പാഴാക്കിയിട്ടില്ല. ഹദ്റത്ത് മുസ്ലിഹ് മൗഊദ് ഇപ്രകാരം പ്രസ്താവിക്കുന്നു: നബിതിരുമേനി(സ)യ്ക്ക് ഇക്കാര്യത്തിൽ എത്രമേൽ ആവേശമുണ്ടായിരുന്നുവെന്നാൽ ശത്രുക്കൾ പോലും അത് സമ്മതിച്ചിരുന്നു. ഒരു ഫ്രഞ്ച് ചരിത്രകാരൻ എഴുതുന്നു: നബിതിരുമേനി(സ) പ്രവാചകത്വം പ്രഖ്യാപിച്ചത് മുതൽ മരണം വരെ ഒരേയൊരു വാക്ക് മാത്രമാണ് നബിതങ്ങളുടെ നാവിലുണ്ടായിരുന്നത്, അത് അല്ലാഹു എന്ന വാക്കാണ്. അല്ലാഹുവിനെ ലോകത്തിന്മുമ്പിൽ വെളിപ്പെടുത്തണമെന്നും

അംഗീകരിപ്പിക്കണമെന്നുമുള്ള ഒരു തീവ്രമായ ലക്ഷ്യം നബിതങ്ങൾക്കുണ്ടായിരുന്നു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് ഒരിടത്ത് ഇപ്രകാരം പ്രസ്താവിക്കുന്നു: നബിതിരുമേനി(സ)യുടെ പദവി എത്ര ഉയർന്നതാണെങ്കിലും നമുക്ക് നബിതങ്ങളോട് എത്രമാത്രം സ്നേഹമുണ്ടായാലും അല്ലാഹുവിന്റെ പദവി നബിതങ്ങളുടെ പദവിയേക്കാൾ വളരെ മുകളിലാണെന്ന കാര്യം ഓർക്കണം. അല്ലാഹു ആദ്യാന്തരഹിതനാണ്. മുഹമ്മദ് നബിതിരുമേനി(സ) അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ ഏറ്റവും വലിയൊരു അനുഗ്രഹമാണ്. അല്ലാഹുവിന്റെ പദവിക്ക് മങ്ങലേൽപ്പിക്കുന്ന തരത്തിൽ നബിതിരുമേനി(സ)ക്ക് എന്തെങ്കിലും സ്ഥാനം നല്കുന്നത് നബിതങ്ങളോട് ചെയ്യുന്ന ശത്രുതയായിരിക്കും. മരണാസന്നമായ അവസ്ഥയിലും അല്ലാഹുവിന്റെ പദവിയെക്കുറിച്ച് നബിതങ്ങൾക്ക് വലിയ ചിന്തയുണ്ടായിരുന്നു. ആ വേദനയ്ക്കിടയിലും നബിതങ്ങളുടെ നാവിൽ നിന്ന് ഇപ്രകാരം വാക്കുകൾ പുറപ്പെട്ടുകൊണ്ടിരുന്നു: തങ്ങളുടെ പ്രവാചകന്മാരുടെ ഖബറുകൾ ആരാധനാലയങ്ങളാക്കിയ യഹൂദികളെയും നസ്രാണികളെയും അല്ലാഹു ശപിക്കട്ടെ. നബിതിരുമേനി(സ) ഇത് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. ചുരുക്കത്തിൽ തന്റെ ജനതയ്ക്ക് നബിതങ്ങൾ നല്കിയ അവസാനത്തെ പാഠം എനിക്ക് ശിർക്കിന്റെ സ്ഥാനം നല്കരുത് എന്നതായിരുന്നു.

അതുകൊണ്ട് നബിതിരുമേനി(സ)യുടെ സത്യസന്ധനായ ദാസനെ വിശ്വസിക്കുന്നവരായ നാം തൗഹീദിന്റെ യാഥാർഥ്യം തിരിച്ചറിയണം. തൗഹീദ് സ്ഥാപിക്കുന്നതിനായി നബിതിരുമേനി(സ) അനുഭവിച്ച വേദന മനസ്സിലാക്കി അതിനായി പൂർണമായി പരിശ്രമിച്ച് യഥാർഥ തൗഹീദിന്റെ വക്താക്കളായി മാറണം. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നല്കട്ടെ.

യുദ്ധസാഹചര്യങ്ങൾ അതീവ ഗുരുതരമായിക്കൊണ്ടിരിക്കുകയാണ്. ലോകമെമ്പാടും പ്രത്യേകിച്ച് മുസ്ലിം ലോകത്ത് തങ്ങളുടെ ആധിപത്യം സ്ഥാപിക്കാനാണ് അമേരിക്കയും ഇസ്രായേലും ശ്രമിക്കുന്നത്. അറബ് രാജ്യങ്ങൾക്കും ഇതിനിടയിൽ നഷ്ടങ്ങൾ സംഭവിക്കുന്നു. ഇസ്ലാമിക രാജ്യങ്ങളെ ഐക്യത്തിന്റെ ചരടിൽ കോർത്തിണക്കാൻ അല്ലാഹു അനുഗ്രഹിക്കട്ടെ.

(അംനാസ്. പി.കെ)

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY **HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 27.03.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY AMNAS PK
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516